# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.10.2023** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഛത്തീസ്ഗഢിൽ 26,000 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will inaugurate development projects worth over Rs 26,000 crore in Chhattisgarh today.**

2. ബഹിരാകാശ ഗവേഷണത്തിൽ രാജ്യം അനുദിനം പുരോഗതി കൈവരിക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്.

   **India is developing day by day in space research says union Minister for state Dr Jitendra Singh.**

3. മുഖ്യമന്ത്രി പിണറായി വിജയനും , മന്ത്രിമാരും പങ്കെടുക്കുന്ന മേഖലാതല അവലോകന യോഗം ഇന്ന്  കൊച്ചിയിൽ. എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളുടെ അവലോകന യോഗമാണ് ചേരുന്നത്.

   **Chief Minister Pinarayi Vijayan and Ministers will attend a regional review meeting in Kochi today. A review meeting of Ernakulam, Idukki, Kottayam and Alappuzha districts will be held.**

4. കേരളത്തിൽ മുഴുവൻ സർക്കാർ ആശുപത്രികളെയും ഇ-ഹെൽത്ത് സംവിധാനത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമം നടന്നുവരികയാണെന്ന് മന്ത്രി വീണ ജോർജ്.

**Minister Veena George said that efforts are underway to bring all the government hospitals in Kerala to the e-health system.**

5. **കേരളത്തിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. മലയോര മേഖലയിൽ ജാഗ്രത തുടരണമെന്ന് അധികൃതർ നിർദ്ദേശം നൽകി.**

**Weather warning that there is a possibility of isolated rain in Kerala. The authorities have instructed to continue vigilance in the hilly areas.**

6. **ഹാങ്ഷു ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ മെഡൽ കുതിപ്പ് തുടരുന്നു.**

**In Hangzhou Asian games India medal tally improves.**

*************************

**HEADLINE-1**

# CHHATTISGARH-PM PROJECTS

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഛത്തീസ്ഗഢിലെ ജഗ്ദാൽപൂരിൽ 26,000 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് തറക്കല്ലിടും. ബസ്തറിൽ നാഷണൽ മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ നിർമിച്ച ഉരുക്കു നിർമാണ കേന്ദ്രവും നാടിന് സമർപ്പിക്കും. 24,000 കോടിയോളം രൂപ ചെലവിട്ടാണ് ഈ കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. വിവിധ റെയിൽവേ പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും. കുംഗുറി , ഛത്തീസ്ഗഢ്, ജാർഖണ്ഡ് അതിർത്തിയിൽ നിർമിച്ച പുതിയ റോഡും അദ്ദേഹം നാടിന് സമർപ്പിക്കും.

*************************

# PM-MP VISIT-UPDATE

മധ്യപ്രദേശിലെ ഗ്വാളിയോറിൽ 19,260 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി

നരേന്ദ്രമോദി കഴിഞ്ഞദിവസം ഉദ്ഘാടനം ചെയ്തു. 11,895 കോടി രൂപയുടെ ഡൽഹി – വഡോദര എക്സ്പ്രസ് വേ, 880 കോടി രൂപയുടെ അഞ്ച് വ്യത്യസ്ത റോഡ് പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇപ്പോൾ ലോകം മുഴുവൻ ഇന്ത്യയെ വാഴ്ത്തുകയാണെന്നും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലോകത്തിലെ ഏറ്റവും മികച്ച മൂന്ന് സമ്പദ് വ്യവസ്ഥകളിൽ ഒന്നായി ഇന്ത്യ മാറുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

*************************

**HEADLINE-2**

## JITENDRA SINGH – ISRO (INTRO)

ബഹിരാകാശ ഗവേഷണത്തിൽ ഇന്ത്യ അനുദിനം പുരോഗതി കൈവരിക്കുകയാണെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ഈ രംഗത്തെ ഉന്നതരുമായാണ് രാജ്യം ഇന്ന് മത്സരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

**വിശദാംശങ്ങളിലേയ്ക്ക്....**

(ഹോൾഡ്)

## JITENDRA SINGH – ISRO (VOICE)

ലോകത്തിലെ മുൻനിര ബഹിരാകാശ ഏജൻസികളിൽ ഒന്നാണ് ഐഎസ്ആർഒ എന്ന് ന്യൂഡൽഹിയിൽ നടന്ന ഒരു പരിപാടിയിൽ ശാസ്ത്രജ്ഞരെ അഭിസംബോധന ചെയ്തുകൊണ്ട് ഡോ.സിംഗ് പറഞ്ഞു. രാജ്യത്തിന്റെ പരമ്പരാഗത അറിവും ബഹിരാകാശ മേഖലയിൽ നേട്ടമായി. ഒരുകാലത്ത് ഇന്ത്യയെ ഗൌനിക്കാതിരുന്ന രാജ്യങ്ങൾ പോലും ഇപ്പോൾ

ഇന്ത്യയുടെ പങ്കാളിയാകാൻ ആഗ്രഹിക്കുന്നു. ബഹിരാകാശ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രവർത്തനങ്ങൾ സുതാര്യതയും ജനപ്രീതിയും വർധിപ്പിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. ശാസ്ത്ര സാങ്കേതിക മേഖലയിൽ രാജ്യത്തെ നയിക്കാൻ അർപ്പണബോധമുള്ള വ്യക്തികളുടെയും സംഘടനകളുടെയും സഹകരണം ആവശ്യമാണെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്ത ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു.

ന്യൂസ് ഡെസ്ക് ആകാശവാണി......

*************************

## DELHI POLICE- TERRORIST

ദേശീയ അന്വേഷണ ഏജൻസിയുടെ പിടികിട്ടാപ്പുള്ളികളുടെ പട്ടികയിലുള്ള ഐ.എസ് ഭീകരൻ ഷാനവാസിനെ ഡൽഹി പോലീസിന്റെ പ്രത്യേക സെൽ അറസ്റ്റ് ചെയ്തു. ദക്ഷിണ ഡൽഹിയിലെ ജെയ്ത്പൂരിൽ നിന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഇയാളോടൊപ്പം മറ്റ് രണ്ട് പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പാകിസ്ഥാൻ ആസ്ഥാനമായുള്ള സംഘടനകളുടെ രേഖകളും മറ്റ് വസ്തുക്കളും ഇവരിൽ നിന്ന് പിടികൂടിയിട്ടുണ്ട്. ഇവരെ കോടതിയിൽ ഹാജരാക്കിയശേഷം ഏഴു ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

*************************

## CNG AND PNG CHARGES

മുംബൈയിൽ സമ്മർദിത പ്രകൃതി വാതക വില 3 രൂപയും പൈപ്പ് വഴിയുള്ള പ്രകൃതി വാതകത്തിന്റെ വില 2 രൂപയും

കുറയ്ക്കാൻ മഹാനഗർ ഗ്യാസ് ലിമിറ്റഡ് തീരുമാനിച്ചു. ഗാർഹിക ഉപയോഗത്തിലും വാഹനങ്ങളിലും പ്രകൃതി വാതകത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാനാണ് തീരുമാനം. ഇന്നലെ അർദ്ധരാത്രി മുതൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വന്നു. പുതുക്കിയ നിരക്കുകൾക്ക് ശേഷം മുംബൈ നഗരത്തിൽ സിഎൻജി കിലോയ്ക്ക് 76 രൂപയ്ക്കും പിഎൻജിക്ക് 47 രൂപയ്ക്കും ലഭ്യമാകും.

***********************

## MAHA - CITY POLICE

മിഷൻ കർമ്മയോഗി പദ്ധതിക്കു കീഴിൽ പോലീസ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പരിശീലനം നൽകി മഹാരാഷ്ട്ര സർക്കാർ. സേവന ബോധവും അർപ്പണമനോഭാവവും വളർത്തുക , എല്ലാ സർക്കാർ ഉദ്യോഗസ്ഥരെയും ലോകോത്തര നിലവാരത്തിലേയ്ക്ക് എത്തിക്കുക എന്നതാണ് മിഷൻ കർമ്മയോഗിപദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര സർക്കാരിന്റെ ശേഷി വർദ്ധിപ്പിക്കൽ സമിതിയാണ് പദ്ധതി രൂപകൽപന ചെയ്തത്.

***********************

## KHADI MAHOTSAV

മുംബയിൽ ഖാദി മഹോത്സവ് കേന്ദ്രമന്ത്രി നാരായൺ റാണെ ഇന്നലെ ഉദ്ഘാടനം ചെയ്തു. ഖാദി, ഗ്രാമ വ്യവസായ രംഗം നടത്തുന്ന മികച്ച പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു. ഈമാസം 31 വരെ ഖാദി മഹോത്സവ് നീണ്ടുനിൽക്കും. ഖാദി ഉത്പന്നങ്ങൾക്ക് പുറമെ പ്രാദേശിക ഉത്പന്നങ്ങളും മേളയിൽ ഉണ്ട്.

***********************

## BANGLADESH-COLLEGE

ഉന്നത സാമൂഹ്യ വികസന പദ്ധതികൾക്ക് കീഴിൽ ബംഗ്ലാദേശിൽ സാമൂഹ്യ – സാംസ്കാരിക, വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളുടെ വികസനത്തിന് ഇന്ത്യ ധനസഹായം നൽകുന്നുണ്ടെന്ന് ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ പ്രണയ് വർമ്മ. ഇതുവരെ ബംഗ്ലാദേശിൽ വിവിധ ജില്ലകളിലെ 93 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 76 പദ്ധതികൾ പൂർത്തിയായി. 17 പദ്ധതികൾ നടപ്പാക്കി വരികയാണ്. കോമില്ല ജില്ലയിൽ കാശിനഗർ കോളേജ് കെട്ടിടം ഉദ്ഘാടനം ചെയ്യവെയാണ് ശ്രീ.പ്രണയ് വർമ ഇക്കാര്യം പറഞ്ഞത്.

************************

## E-AUCTION-PM

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ച സ്മരണികകളുടെ ഇ- ലേലത്തിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാം. ലേലം ഈ മാസം 31 വരെ തുടരും. ലേലത്തിൽ നിന്ന് ലഭിക്കുന്ന പണം ഗംഗാ നദി പുനരുജ്ജീവിപ്പിക്കാനുള്ള നമാമി ഗംഗാ പദ്ധതിക്ക് പ്രയോജനപ്പെടുത്തും. 100 രൂപ മുതൽ 65 ലക്ഷം രൂപ വരെയുള്ള മെമന്റോകൾ ഇ-ലേലത്തിൽ ലഭ്യമാണ്. ന്യൂഡൽഹിയിലെ നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്ടിൽ ഇത്തരം മെമന്റോകളുടെ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്. രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യത്തിന്റെ നേർക്കാഴ്ച നൽകുന്ന 150-ലധികം ശ്രദ്ധേയമായ സ്മരണികകൾ ഇതിൽ ഉൾപ്പെടുന്നു.

*************************

## MANDAVIYA - ORGAN DONATION

രാജ്യത്ത് ആയുഷ്മാൻ ഭവ് കാമ്പെയ്ന് കീഴിൽ ഇതിനകം അവയവദാന പ്രതിജ്ഞയെടുത്തത് 50,000-ത്തിലധികം പേർ. ഗുജറാത്തിലെ ഗാന്ധിനഗറിൽ കഴിഞ്ഞ മാസം നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമുവാണ് പ്രചാരണത്തിന് തുടക്കം കുറിച്ചത്. ഒരു വ്യക്തിക്ക് തന്റെ മരണശേഷം വൃക്കകൾ, കരൾ, ശ്വാസകോശം, ഹൃദയം, കോർണിയ തുടങ്ങിയ സുപ്രധാന അവയവങ്ങൾ ദാനം ചെയ്യുന്നതിലൂടെ എട്ട് പേർക്ക് പുതുജീവൻ നൽകാൻ കഴിയും. കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്ത് അവയവദാനം നടത്തുന്നവരുടെ എണ്ണം മൂന്നിരട്ടിയിലേറെ വർധിച്ചു. അടുത്ത വർഷം അവസാനത്തോടെ രാജ്യത്തെ എല്ലാ ആശുപത്രികളിലും അവയവങ്ങൾ വീണ്ടെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

*************************

### HEADLINE-3

## CM-REVIEW MEET

മുഖ്യമന്ത്രി പിണറായി വിജയനും , മന്ത്രിമാരും പങ്കെടുക്കുന്ന മേഖലാതല അവലോകന യോഗം ഇന്ന് കൊച്ചി ബോൾഗാട്ടി പാലസിൽ നടക്കും. എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളുടെ അവലോകന യോഗമാണ് ചേരുന്നത്. ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ,

സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

*************************

**HEADLINE-4**

## VEENA GEORGE

കേരളത്തിൽ മുഴുവൻ സർക്കാർ ആശുപത്രികളെയും ഇ-ഹെൽത്ത് സംവിധാനത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമം നടന്നുവരികയാണെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു. എറണാകുളം മെഡിക്കൽ കോളേജിൽ 17 കോടി രൂപയുടെ 36 പദ്ധതികൾ നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ബേൺസ് യൂണിറ്റ്, ലഹരി വിമുക്ത ചികിത്സാ കേന്ദ്രം, ഡയാലിസിസ് യന്ത്രങ്ങൾ, ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ സംവിധാനം, റെറ്റിനൽ ലേസർ മെഷീൻ , തുടങ്ങിയ പദ്ധതികളാണ് ചടങ്ങിൽ ഉദ്ഘാടനം ചെയ്തത്. മെഡിക്കൽ കോളേജിനെ കൊച്ചി മെട്രോയുമായി ബന്ധിപ്പിക്കുന്ന മെട്രോ ഫീഡർ ബസ് സർവീസ് മന്ത്രി പി.രാജീവ് ഫ്ലാഗ് ഓഫ് ചെയ്തു.

*************************

## AMRITHANADA MAYI

മാതാ അമൃതാനന്ദമയിയുടെ സപ്തതി ആഘോഷത്തിന് കൊല്ലം വള്ളിക്കാവ് അമൃതപുരിയിൽ തുടക്കമായി. രാവിലെ 11ന് നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര മന്ത്രി മഹേന്ദ്രനാഥ് പാണ്ഡെ, സഹമന്ത്രിമാരായ അശ്വിനികുമാർ ചൗബേ, വി. മുരളീധരൻ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ തുടങ്ങിയവർ പങ്കെടുക്കും.
അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിൽ സജ്ജമാക്കിയ പ്രത്യേക വേദിയിലാണ് ജന്മദിനാഘോഷ പരിപാടികൾ.

അമൃതകീർത്തി പുരസ്കാരസമർപ്പണം, അമൃതശ്രീ പദ്ധതിയുടെ വിപുലീകരണം, സമൂഹവിവാഹം എന്നിവയും നടക്കും.

************************

## ALAPPUZHA-HOLIDAY

ആലപ്പുഴ ജില്ലയിൽ ശക്തമായ മഴയെത്തുടർന്ന് വെള്ളക്കെട്ടുണ്ടായ പ്രദേശങ്ങളിൽ നിന്ന് ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിയ സാഹചര്യത്തിൽ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന ചേർത്തല, ചെങ്ങന്നൂർ താലൂക്കുകളിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ജില്ല കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു.

************************

## KOTTAYAM HOLIDAY

ശക്തമായ മഴയെത്തുടർന്ന് വെള്ളപ്പൊക്കം നേരിടുന്നതിനാൽ കോട്ടയം താലൂക്കിലെ ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും ഇന്ന് അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവായി. ചങ്ങനാശേരി, വൈക്കം താലൂക്കുകളിലെ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും ഇന്ന് അവധിയായിരിക്കും.

************************

## TENMALA DAM

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ കൊല്ലം തെന്മല ഡാമിലെ ഷട്ടറുകൾ ഇന്ന് തുറക്കും. ഉച്ചയ്ക്ക് 12 മണി മുതൽ ഡാമിന്റെ മൂന്ന് ഷട്ടറുകൾ 30 സെന്റീമീറ്റർ വരെ പടിപടിയായി ഉയർത്തി അധിക ജലം കല്ലടയാറ്റിലേക്ക് ഒഴുക്കി വിടാനാണ് തീരുമാനം. കല്ലടയാറ്റിന്റെ തീരത്തുള്ളവർ ജാഗ്രത പാലിക്കണം.

*************************

## HEADLINE-5

## RAIN

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴ ലഭിക്കാൻ സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. മലയോര മേഖലയിൽ ജാഗ്രത തുടരണമെന്ന് അധികൃതർ നിർദ്ദേശം നൽകി. ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല.

*************************

## NIPAH KOZHIKODE

കോഴിക്കോട് ജില്ലയിൽ നിപ സമ്പർക്ക പട്ടികയിൽ ഉണ്ടായിരുന്ന 223 പേരെ കൂടി പട്ടികയിൽ നിന്ന് ഒഴിവാക്കി. ഇന്നലെ സമ്പർക്ക പട്ടികയിൽ ഉള്ളത് 44 പേരാണ്. പുതുതായി ആരെയും സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

*************************

## NOBEL-MEDICINE

വൈദ്യശാസ്ത്രത്തിനുള്ള ഈ വർഷത്തെ നൊബേൽ സമ്മാനം പ്രൊഫ. കാറ്റലിൻ കാരികോ, പ്രൊഫ. ഡ്രൂ വൈസ്മാൻ എന്നിവർക്ക്. എം ആർ എൻ എ കോവിഡ് വാക്സിനുകളുടെ വികസനത്തിന് അടിത്തറയൊരുക്കിയ ഗവേഷണങ്ങളാണ് പ്രൊഫ. കാറ്റലിൻ കാരികോയെയും പ്രൊഫ. ഡ്രൂ വൈസ്മാനെയും ഈ വർഷത്തെ വൈദ്യശാസ്ത്ര നൊബേലിന് അർഹരാക്കിയത്.

*************************

**HEADLINE-6**

## ASIAN GAMES

ചൈനയിലെ ഹാങ്ഷു ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് ഇന്നലെ 3 വെള്ളിയും 4 വെങ്കലവും ലഭിച്ചു. ഇതോടെ 13 സ്വർണം, 24 വെള്ളി, 23 വെങ്കലം ഉൾപ്പെടെ 60 മെഡലുകൾ ഇന്ത്യ നേടി. മിക്സഡ് 4 X 400 മീറ്റർ റിലേയിൽ മൊഹമ്മദ് അജ്മൽ, വിദ്യ രാംരാജ്, രാജേഷ് രമേഷ്, ശുഭ വെങ്കടേശൻ എന്നിവർ ഉൾപ്പെടുന്ന ടീം വെള്ളി നേടി. വനിതകളുടെ ലോംഗ്ജമ്പിൽ മലയാളിതാരം ആൻസി സോജൻ വെള്ളി മെഡൽ സ്വന്തമാക്കി. നേരത്തെ വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ പരുൾ ചൌധരി വെള്ളിയും പ്രീതി ലാംബ വെങ്കലവും കരസ്ഥമാക്കി. പുരുഷ – വനിത സ്കേറ്റിംഗ് റിലേയിൽ ഇന്ത്യ വെങ്കലം സ്വന്തമാക്കി. വനിത ടേബിൾ ടെന്നീസ് ഡബിൾസിൽ അഹിക മുഖർജി – സുതീർത്ഥ മുഖർജി സഖ്യം വെങ്കലം നേടി.

****************************************************************************

*********************************